LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിജിലന്റ് കേരള എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ജനങ്ങളുടെ പങ്കാളിത്തത്തോടെ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും നടപ്പാക്കുന്ന അഴിമതി വിരുദ്ധ പദ്ധതിയാണ് വിജിലന്റ് കേരള. ഒരു തദ്ദേശ സ്വയംഭരണ പ്രദേശത്ത് 100% അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും ഭരണ സംവിധാനങ്ങളുമാണ് വിജിലന്റ് കേരള പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി താഴെ പറയുന്നവരെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

1. സർക്കാർ/അർദ്ധ സർക്കാർ ഓഫീസുകളിലോ സർക്കാർ പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ കാണുകയോ ചെയ്യുന്നവർ.
2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി സജീവ പങ്കാളികളാവുന്നവർ.
3. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്തെ പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും.
4. ജില്ലകളിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും.
5. ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും.
6. വകുപ്പ് മേധാവികൾ, പൊതുമേഖല സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ.
7. വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ.

(ഡി) വിജിലന്റ് കേരള എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നടന്നിട്ടില്ലാത്തതിനാൽ ഭരണതലത്തിൽ സജ്ജീകരണങ്ങൾ നടപ്പിലാക്കിയിട്ടില്ല.

പുത്തൂർ പോലീസ് സ്റ്റേഷൻ

161 (1866) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുത്തൂർ പോലീസ് സ്റ്റേഷൻ സംബന്ധിച്ച 77675/E1/2011 എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിവരുന്ന പഠനത്തിൽ പുത്തൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

വനിതകളുടെ പേയിംഗ് ഗസ്റ്റ് സംവിധാനം

162 (1867) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനിതകളുടെ പേയിംഗ് ഗസ്റ്റ് സംവിധാനത്തിന് പോലീസ് ക്ലിയറൻസ് വേണമെന്ന നിബന്ധന ഏർപ്പെടുത്തുമോ ; വിശദമാക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അനീഷിന്റെ കൊലപാതകം

163 (1868) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, പന്ത്രണ്ടാം വാർഡിൽ, എസ്.എം. കോളനി, നന്ദനം വീട്ടിൽ പി. അനീഷ് കുമാറിനെ ആലപ്പുഴ കൈതവനയിൽ മയക്കുമരുന്ന് മാഫിയ സംഘം കൊല ചെയ്തതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണ സ്ഥിതി അറിയിക്കുമോ ;

(ബി) പ്രസ്തുത കേസ് ആരാണ് അന്വേഷിക്കുന്നതെന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അറിയിക്കുമോ ;

(സി) കേസിൽ എത്ര പ്രതികളാണ് ഉള്ളതെന്നും ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തുവെന്നുമുള്ള വിശദാംശം നൽകുമോ ;

(ഡി) ആലപ്പുഴ ടൗണും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുണ്ടാ മയക്കുമരുന്ന് മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) അനീഷിന്റെ കുടുംബത്തിന് ധനസഹായം നല്കുന്ന കാര്യം പരിഗണിക്കുമോ ; അനീഷിന്റെ കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly